# മഹാത്മാഗാന്ധി സർവ്വകലാശാല

(സംഗ്രഹം)

സ്കൂൾ ഓഫ് ബയോസയൻസസിലെ എം.എസ്.സി പ്രോഗ്രാമുകൾ സി.എസ്.എസ്. റഗുലേഷൻസിന് അനുസൃതമായി അംഗീകരിച്ചുകൊണ്ടുള്ള അക്കാദമിക് കൗൺസിൽ തീരുമാനം ഉത്തരവായി പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ5 വിഭാഗം**

സ.ഉ.നം. 4371/എസി.എ5/1/ ബയോസയൻസസ്/2017/അക്കാദമിക്      പി.ഡി ഹിൽസ്, തീയതി 17/07/2017

---

സൂചന: 1. 03/10/2016-ന് കൂടിയ സ്കൂൾ ഓഫ് ബയോസയൻസസിലെ ബോർഡ് ഓഫ് സ്റ്റഡീസ് യോഗം മിനിട്സ്.

2. 06.05.2017-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം മിനിട്സ് ഇനം.നം.85/Ac.17/17152

## ഉത്തരവ്

സ്കൂൾ ഓഫ് ബയോ സയൻസസ് ബോർഡ് ഓഫ് സ്റ്റഡീസിൻെറ സൂചന(1) മിനിട്സ് പ്രകാരം, സ്കൂൾ ഓഫ് ബയോ സയൻസസിലെ 4 എം.എസ്,സി. പ്രോഗ്രാമുകളും(എം.എസ്.സി ബയോ കെമിസ്ട്രി, എം.എസ്.സി ബയോടെക്നോളജി, എം.എസ്.സി മൈക്രോബയോളജി, എം.എസ്.സി ബയോഫിസിക്സ്) പുതിയ സി.എസ്.എസ്. റഗുലേഷൻസിന് അനുസൃതമായി പുതുക്കുന്നതിന് തീരുമാനിച്ചു. കൂടാതെ 4 എം.എസ്,സി. പ്രോഗ്രാമുകളുടെയും പുതുക്കിയ സ്കീമുകൾ അംഗീകരിക്കുന്നതിന് ശിപാർശ ചെയ്തു. സ്കൂൾ ഓഫ് ബയോസയൻസസിലെ വിവിധ എം.എസ്,സി. പ്രോഗ്രാമുകളുടെ ആകെ ക്രെഡിറ്റുകൾ 84 (ഒന്നാം സെമസ്റ്റർ - 21, രണ്ടാം സെമസ്റ്റർ-21, മൂന്നാം സെമസ്റ്റർ - 22, നാലാം സെമസ്റ്റർ - 20) ആയി നിജപ്പെടുത്താനും ബോർഡ് ഓഫ് സ്റ്റഡീസ് യോഗം ശിപാർശ ചെയ്തു. ഇതിനായി കോഴ്സുകളുടെ/സ്കീമുകളുടെ വിശദമായ പട്ടികയും സമർപ്പിച്ചു.

സ്കൂൾ ഓഫ് ബയോസയൻസസ്, ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൻെറ മേൽ ശിപാർശകൾ ബഹു.വൈസ് ചാൻസിലറുടെ ഉത്തരവിൻെറ അടിസ്ഥാനത്തിൽ അക്കാദമിക് കൗൺസിലിൻെറ പരിഗണനയ്ക്കു സമർപ്പിച്ചു.

06.05.2017-ന് കൂടിയ അക്കാദമിക് കൗൺസിൽ യോഗം സൂചന (2) മിനിട്സ് പ്രകാരം സ്കൂൾ ഓഫ് ബയോ സയൻസസ്, ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൻെറ ശിപാർശ പ്രകാരം പുതിയ സി.എസ്.എസ്. റഗുലേഷൻസ് 2016-ന് അനുസൃതമായി സ്കൂളിലെ ബയോകെമിസ്ട്രി, ബയോടെക്നോളജി, മൈക്രോബയോളജി, ബയോഫിസിക്സ് എന്നീ 4 എം.എസ്,സി. പ്രോഗ്രാമുകൾ പുതുക്കുന്നതു സംബന്ധിച്ച ശിപാർശകൾ അംഗീകരിച്ചു.

തദനുസരണം ഉത്തരവാകുന്നു.

**ഒപ്പ്**
**സതീഷ് ചന്ദ്രൻ നായർ പി.എസ്**
**അസിസ്റ്റന്റ് രജിസ്ട്രാർ III(അക്കാദമിക്)**
**രജിസ്ട്രാർക്ക് വേണ്ടി**

പകർപ്പ്.

1. ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, സ്കൂൾ ഓഫ് ബയോസയൻസസ്
2. വൈസ് ചാൻസലർ/പ്രോവൈസ് ചാൻസലറുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/പരീക്ഷാ കൺട്രോളറുടെ പി.എ.മാർ
4. എ.ആർIII/ഡി.ആർ II/ജെ.ആർ(അക്കാദമിക്)
5. സി.എസ്.എസ് സെക്ഷൻ
6. എസി.സി/എസി.എ1
7. കണ്ടൻറ് മാനേജ്മെൻറ്/ഐ.ക്യൂ.എ.സി
8. കരുതൽ ഫയൽ/ഫയൽ പകർപ്പ്

**ഉത്തരവിൻ പ്രകാരം**
**സെക്ഷൻ ഓഫീസർ**